# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 493

## 04/02/2020 ൽ മറുപടി നൽകേണ്ടത്

### സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങുന്നവർക്കായുള്ള മസ്റ്ററിംഗ് സംവിധാനം

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

**മറുപടി**

ഡോ. റ്റി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങുന്നവർ അക്ഷയ കേന്ദ്രങ്ങൾ വഴി നടത്തുന്ന മസ്റ്ററിംഗ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിനകം എത്ര ഗുണഭോക്താക്കൾ മസ്റ്ററിംഗ് നടത്തിയിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ; | ക്ഷേമ പെൻഷനിൽ സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ഉൾപ്പെടുന്നു. അക്ഷയ കേന്ദ്രങ്ങൾ മുഖേന സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗിനായി 2019 ഡിസംബർ 15 വരെ അനുവദിച്ചിരുന്ന സമയപരിധി, 2019 ഡിസംബർ 31 വരെയും തുടർന്ന് 2020 ജനുവരി 31 വരെയും ദീർഘിപ്പിച്ചു നൽകിയിരുന്നു.<br>2020 ജനുവരി 31 വരെ ലഭ്യമായ വിവരങ്ങൾ പ്രകാരം, സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയിരുന്ന 4733586 ഗുണഭോക്താക്കളിൽ 4331527 പേരും, (91.5%) സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങിയിരുന്ന 678164 ഗുണഭോക്താക്കളിൽ 591441 പേരും (87.2%) മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | മസ്റ്ററിംഗിലൂടെ അനർഹർ പെൻഷൻ കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേരുണ്ടെന്നും അവർക്ക് | ഇവരിൽ പല കാരണങ്ങളാലും മസ്റ്ററിംഗ് നടത്താൻ കഴിയാതെ പോയവരും ഉൾപ്പെട്ടിരിക്കാം. അവരുടെ കൂടി വിവരങ്ങൾ ലഭിച്ചതിനു ശേഷമേ ഇക്കാര്യത്തിലെ |

| | | |
|---|---|---|
| | ആകെ എന്തു തുക പെൻഷൻ ഇനത്തിൽ നൽകിയിരുന്നുവെന്നും വെളിപ്പെടുത്തുമോ; | അന്തിമ കണക്കുകൾ വ്യക്തമാകുകയുള്ളൂ. അതേസമയം മരണപ്പെട്ടവരുടെ പേരിലും അനർഹരായവരും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയിരുന്നു എന്ന നിഗമനത്തിലേയ്ക്കാണ് ഈ കണക്കുകൾ എത്തിക്കുന്നത്.<br>നിലവിലെ ഏറ്റവും കുറഞ്ഞ പെൻഷൻ തുകയായ 1200 രൂപ നിരക്കിൽ പ്രതിമാസം ഏകദേശം 58.66 കോടിയോളം രൂപ പെൻഷൻ ഇനത്തിൽ നൽകിയിരുന്നതായി കണക്കാക്കുന്നു. |
| (സി) | മസ്റ്ററിംഗ് നടത്തുന്നതിനുള്ള കാലാവധി 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ? | സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗിനായി അനുവദിച്ചിരുന്ന സമയപരിധി 2020 ജനുവരി 31 വരെയായിരുന്നു.<br>മസ്റ്ററിംഗിനുള്ള കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ